**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2360** **27-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | (എ) | വിദ്യാർഥികൾക്ക് വിദ്യാഭ്യാസ വായ്പ എളുപ്പത്തിലും വേഗത്തിലും ലഭ്യമാക്കുന്നതിന് വിദ്യാ ലക്ഷ്മി പോർട്ടൽ എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ജൻ സമർത്ത് പോർട്ടലിലും ഈ സംവിധാനം ലഭ്യമാണ്. വിദ്യാ ലക്ഷ്മി പോർട്ടൽ വഴി അപേക്ഷിക്കുന്ന വായ്പകളുടെ സ്റ്റാറ്റസ് അറിയുവാനും പരാതികൾ ഉള്ള പക്ഷം ഇ മെയിൽ മുഖേന ബാങ്കുകളുമായി നേരിട്ട് ബന്ധപ്പെടാനും പ്രശ്ന പരിഹാരത്തിനും ഉള്ള സംവിധാനം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | (ബി) | സാധാരണയായി വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് കെ.വൈ.സി ഡോക്യുമെന്റുകളും (ആധാർ കാർഡ് മുതലായ തിരിച്ചറിയൽ രേഖകൾ) പ്രവേശനത്തിന്റെ തെളിവ്, കോഴ്സ് ഫീസിന്റെ വിശദാംശങ്ങൾ എന്നീ അടിസ്ഥാന രേഖകളും ആണ് ബാങ്കുകൾ ആവശ്യപ്പെടാറുള്ളത്. ഇവയ്ക്ക് പുറമേ വായ്പയുടെ തരത്തെ (മെരിറ്റ്, മാനെജ്മെന്റ്, വായ്പാ തുക, വിദേശ പഠനം തുടങ്ങിയവ) ആശ്രയിച്ച് ആവശ്യമായ രേഖകൾ വ്യത്യാസപ്പെടാം. |

സെക്ഷൻ ഓഫീസർ